കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നേമം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail: lfadtvm@yahoo.in

dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./2668/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി : 11.03.2019

Phone No : 0471-2331231

Email : lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നേമം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നേമം ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം.ബി.പി./2668/2018 തിയതി: 11.03.2019

## തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017മുതൽ 31.03.2018വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2017-18 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.മുഹമ്മദ് നിസാർ. ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.12.2018 മുതൽ 15.12.2018വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1. | ശ്രീമതി.സ്വപ്ന.ആർ.കെ | അസി. ഓഡിറ്റ് ഓഫീസർ |
| 2. | ശ്രീ. ബി.സുരേഷ് ബാബു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3. | ശ്രീ. രാജേഷ്.എം.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| 4 | ശ്രീമതി. കല. പി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എൽ. അനിത | 01.04.2017 മുതൽ 05.05.2017 വരെ |
| | ശ്രീമതി. എൽ. ശകുന്തളകുമാരി | 30.05.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ബി. കൃഷ്ണൻകുട്ടി നായർ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ. കെ. അജികുമാർ | 27.06.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ബി. കൃഷ്ണൻകുട്ടിനായർ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.കെ.അജികുമാർ | 27.06.2017 മുതൽ 31.3.2018 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ. പി. രാജേഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | ശ്രീമതി. ഹസ്രാമോൾ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (വിളപ്പിൽ) | ഡോ.നിജ്ജു ജി. | 01.04.2017 മുതൽ 24.11.2017 വരെ |
| | ഡോ. എലിസബത്ത് | 25.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (മലയിൻകീഴ്) | ഡോ.ലേഖ തോബിയാസ് | 01.04.2017 മുതൽ 22.11.2017 വരെ |
| | ഡോ. ബിനോയ് എസ്. ബാബു, | 23.11.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| കൃഷി. അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. ബി.ജി. ഷീജ | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. രഘു. ആർ. | 01.04.2017 മുതൽ 19.09.2017 വരെ |
| | ശ്രീമതി. ഉഷാ കെ. നായർ, | 20.09.2017 മുതൽ 31.03.2018 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി. രമ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെറുകിട വ്യവസായ ഓഫീസർ | ശ്രീ. ദീപു. | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ. നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| ഭാഗം - 1 | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം-2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | ബജറ്റ് രൂപീകരണം-നടപടിക്രമം പാലിക്കേണ്ടതാണ്. | 2-1 | |
| 14 | രസീത് പരിപാലനം- അപാകതകൾ | 2-2 | |
| 15 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 2-3 | |
| 16 | ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് തിരികെ ലഭ്യമാക്കിയിട്ടില്ല | 2-4 | |
| ഭാഗം-3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | വൗച്ചർ സൂക്ഷിക്കുന്നതിൽ അപാകം | 3-1 | |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ- സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കണം | 3-2 | |
| 19 | നിക്ഷേപ പ്രവൃത്തികൾ- 55,80,647/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 3-3 | |
| 20 | ഭിന്നശേഷികുട്ടികൾക്കുള്ള ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 3-4 | |
| 21 | കേരളാ മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം - ചെലവ് തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല | 3-5 | |
| 22 | പത്താംതരം തുല്യതാപദ്ധതി-97,750/-രൂപ തടസ്സപ്പെടുത്തുന്നു | 3-6 | |

| | | | |
|---|---|---|---|
| 23 | "ഗ്രൂപ്പുകൾക്ക് കറവപ്പശു" പദ്ധതിയിലെ അപാകതകൾ | 3-7 | |
| 24 | റോഡുകളുടെ sub base/base course നിർമ്മാണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല-44,672/- രൂപയുടെ നഷ്ടം | 3-8 | |
| 25 | സൈഡ് വാൾ നിർമ്മാണം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-9 | |
| 26 | മരാമത്ത് പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം നിയമാനുസൃത പിഴ ഈടാക്കിയില്ല. നഷ്ടം 20,031/-രൂപ | 3-10 | |
| 27 | മിണ്ണംകോട് ചെറുകോട് വിട്ടിയം വാർഡ് എസ്.സി. കോളനി സൈഡ് ഓടയും ഫുട്പാത്തും നിർമ്മാണം-78,445/-രൂപ നഷ്ടം | 3-11 | |
| 28 | കോട്ടുകാൽകോണം-പൂന്തോട്ടവിള-കണിയാംവിള കോളനി റോഡ് സൈഡ് വാൾ നിർമ്മാണം-PCC 1:3:6 ന് അധിക നിരക്ക് നല്കി- 10,315/-രൂപ നഷ്ടം | 3-12 | |
| 29 | പി.എം.എ.വൈ(ജി)ഭവന നിർമാണപദ്ധതി-അപാകതകൾ | 3-13 | |
| 30 | പദ്ധതി മോണിട്ടറിംഗ് അനിവാര്യം. | 3-14 | |
| ഭാഗം - IV | | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-9 | |
| 40 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 66,06,13,696/-രൂപയും പ്രതീക്ഷിത ചെലവ് 65,95,03,696/- രൂപയും നീക്കിയിരിപ്പ് 11,10,000/-രൂപയും, യഥാർത്ഥ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 15,91,84,211/- രൂപയും, ചെലവ് 14,55,30,444/- രൂപയും, നീക്കിയിരിപ്പ് 1,36,53,767/- ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 25.05.2018 | -- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 15.12.2018 | അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,92,50,918/- |
| വരവ് | 12,99,33,293/- |
| ആകെ | 15,91,84,211/- |
| ചെലവ് | 14,55,30,444/- |
| നീക്കിയിരിപ്പ് | 1,36,53,767/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 50626936 | 50626936 | 50626936 | 0 |
| വികസനഫണ്ട് (SCP) | 0 | 21695651 | 21695651 | 21695651 | 0 |
| വികസനഫണ്ട് (TSP) | 0 | 340000 | 340000 | 340000 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5661516 | 5661516 | 5661516 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1592276 | 3582000 | 5174276 | 4542467 | 631809 |

## 1-6 പദ്ധതി അവലോകനം

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | CDPO | 5 | 3600000 | 3 | 2318596 | 2 | 1 | 50% |
| 2 | സെക്രട്ടറി | 31 | 36338711 | 26 | 32663605 | 2 | 3 | 87% |
| 3 | MO | 7 | 4600000 | 7 | 4600000 | - | - | 100% |
| 4 | SCDO | 1 | 1000000 | 1 | 1000000 | - | - | 100% |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | ADA | 6 | 5670800 | 4 | 4264040 | 1 | | 83% |
| 6 | DEO | 7 | 12944239 | 5 | 11316000 | 2 | | 87% |
| 7 | IEO | 1 | 100000 | - | 0 | - | - | 0% |
| 8 | AEE | 67 | 349335920 | 50 | 22167862 | 4 | 13 | 63% |
| | ആകെ | 128 | 99189670 | 100 | 78324103 | 11 | 17 | 79% |

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല

## 1-10 ആഭ്യന്തരനിയന്ത്രണം

ഭരണസമിതി ഓഫീസ് മീറ്റിംഗ് വിളിച്ച ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകുകയും ചെയ്യുന്നുണ്ട്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. ചെലവുകൾക്ക് വൗച്ചറുകളും സബ് വൗച്ചറുകളും സൂക്ഷിക്കേണ്ടതാണ്. ബാങ്ക് ബുക്കിലേയും പാസ് ബുക്കിലേയും നീക്കിയിരുപ്പ് തുകകൾ തമ്മിൽ വ്യത്യസം വന്നവയിൽ അവ വിശദീകരിക്കുന്നതിന് ആധികാരികമായ സാംഖ്യ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വരവുകളൊന്നും തന്നെ പ്രിന്റഡ് രസീതിയിലല്ല സ്വീകരിക്കുന്നത്.

ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യ മാനേജ്മെന്റ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത നിയമ സാധുത എന്നിവ ഉറപ്പാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ ഉദ്യോഗസ്ഥതലത്തിലെ ഏകോപനം കുടുതൽ മെച്ചപ്പെടേണ്ടതുണ്ടെങ്കിലും താരതമ്യേന മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.02.2018 മുതൽ 15.02.2018 വരെ | 2016-17 | 07.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.2015 മുതൽ 26.06.2015 വരെ | 2012-13 | 12.11.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ബാലൻസ്ഷീറ്റ് B11 പ്രകാരം തൻവർഷം 24,05,948/-രൂപയുടെ ആസ്തി സൃഷ്ടിച്ചതായി കാണുന്നു. ഇത് capital contribution (B3)ലേക്ക് മാറ്റിയിട്ടില്ല.

2.ബാലൻസ്ഷീറ്റ് B11 പ്രകാരം തൻവർഷ depreciation 3,27,05,253/-ആണ്. എന്നാൽ I-17(a) പ്രകാരം തൻവർഷ depreciation 68,28,886/-ആണ്. depreciation statement പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. Rp-7 പ്രകാരമുള്ള പദ്ധതി ഇനങ്ങളുടെ വരവും I-6 പ്രകാരമുള്ള വരവും തുല്യമായി ഉൾപ്പെടുത്തിയിരിക്കുന്നു.

4.Deposit ഇനത്തിൽ 2,28,325/-രൂപാ തിരികെ നല്കുവാനുള്ളതായി കാണുന്നു. Deposit register പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5.വികസന ഫണ്ട് ജനറൽ AFS പ്രകാരം 5,06,26,936/- രൂപായും ACR പ്രകാരം 5,06,42,421/- രൂപയും ആണ്. വികസന ഫണ്ട് SCP AFS പ്രകാരം 2,16,95,651/- രൂപായും ACR പ്രകാരം 2,19,61,000/- രൂപയും ആണ്.

6. IAY joint venture account ലേക്ക് (A/C no 2034008279) വരവുള്ള ചുവടെ പറയുന്ന തുകകൾ AFS ൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

| തീയതി | തുക |
|---|---:|
| 30/11/2017 | 2,31,417/- |
| 06/01/2018 | 2,25,000/- |
| 28/02/2018 | 1,81,139/- |
| 12/03/2018 | 40,00,000/- |
| 12/03/2018 | 1,00,000/- |

7. Treasury TSB A/C. ക്ലോസിംഗ് ബാലൻസ് AFS പ്രകാരം 6,31,809/- രൂപയും

റിക്കൺസിലിയേഷൻ പ്രകാരം 3,62,901/-രൂപയും ബാങ്ക് ബുക്ക് പ്രകാരം 15,28,492/- രൂപയും ആണ്. കൂടാതെ IAYക്ലോസിംഗ് ബാലൻസ് AFS പ്രകാരം 1,14,37,384/- രൂപയും റിക്കൺസിലിയേഷൻ പ്രകാരം 1,69,58,497/-രൂപയും ആണ്.

8.ഫലവൃക്ഷ ലേല ഇനത്തിൽ രസീത് നം. 67025 തീയതി 24/10/17 പ്രകാരം 1500/-രൂപ വരവുള്ളത് AFS ൽ ഡിമാന്റ് ചെയ്തിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നം. 9/18 പ്രകാരം സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം-നടപടിക്രമം പാലിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബ്ലോക്ക്പഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ ) |
|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | നടപടിക്രമം പാലിച്ചിട്ടില്ല. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | നടപടിക്രമം പാലിച്ചിട്ടില്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | നടപടിക്രമം പാലിച്ചിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9.3.17 ലെ തീരുമാന പ്രകാരം |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9.2.17 ലെ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട് |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 28.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 28.03.2017 |

| | | |
|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | നടപടിക്രമം പാലിച്ചിട്ടില്ല. |

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതാണ്. ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കേണ്ടതാണ്. അനുവദിച്ച തുകയുടെ ഉപയോഗ സാക്ഷ്യപത്രം തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ സ്ഥാപനമേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ആഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. (ജി.ഒ.(എം.എസ്) നം. 80/2017 തസ്വഭവ 03.04.2017,ഖണ്ഡിക 29).

ഇത്തരത്തിൽ സ്ഥാപന മേധാവികൾ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകിയിട്ടില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്നത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 രസീത് പരിപാലനം- അപാകതകൾ

രസീത് വരവ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാന്വൽ രസീത് നൽകി കളക്ട് ചെയ്യുന്ന ചെക്ക്/കാഷ് തുക ട്രഷറി/തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കുന്നുവെങ്കിലും സ്ഥാപനത്തിൽ ഡേ ബുക്ക് പ്രത്യേകമായി സൂക്ഷിക്കുന്നില്ല. തുക ബാങ്ക് ബുക്കിൽ ചേർക്കുകയാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | വരവ് ഇനം/പേര് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 24.10.2017 | ഫലവൃക്ഷ ലേലം<br>രസീത് നം.62/67025 | 1500 | തുക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല |
| 2 | 27.1.18 | ടെണ്ടർ ഫോം വരവ്<br>രസീത് നം.64/67025 | 1618 | തുക30.1.2018 ൽ ട്രഷറി-TSBൽ അടവാക്കിയിരിക്കുന്നു |
| 3 | 3.2.2018 | ടെണ്ടർ ഫോം വരവ്<br>രസീത് നം.65/67025 | 1618 | തുക 5.2.2018 ൽ ട്രഷറി-TSBൽ അടവാക്കിയിരിക്കുന്നു |

| | | | | |
|---|---|---|---|---|
| 4 | 17.1.2018 | പാഴ് വസ്തുക്കളുടെ ലേലം<br>രസീത് നം.63/67025 | 6050 | തുക 20.1.2018 ൽ ട്രഷറി-TSBൽ അടവാക്കിയിരിക്കുന്നു. |

2. ജി.ഒ.(എം.എസ്) 246/2011 ത.സ്വ.ഭ.വ13.10.2011 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാകുന്ന ഓരോ പണമിടപാടിനും കൈപ്പറ്റ് രസീത് നൽകേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ ഇനങ്ങളിലെ വരവുകൾക്ക് സ്ഥാപനം സാംഖ്യാ രസീത് നൽകുന്നില്ല. പകരം മാന്വൽ രസീത് നൽകുകയാണ് ചെയ്യുന്നത്

3.മാന്വൽ രസീത് ബുക്കിൽ ഡബിൾ സൈഡഡ് കാർബൺ ഷീറ്റ് ഉപയോഗിക്കുന്നില്ല.

ലഭ്യമാകുന്ന തുകകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്ത് രസീത് നൽകേണ്ടതാണ്.

മേൽ പട്ടികയിൽ ഒന്നാം ഇനമായി നല്കിയിരിക്കുന്ന ഫലവൃക്ഷ ലേല (രസീത് നം.62/67025) ത്തുക 1,500/-രൂപ തനത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല. പ്രസ്തുത തുക ഒടുക്കുവരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കിയ തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 2,18,269/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ബ്ലോക്ക് പഞ്ചായത്തിന് 2,183/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഇ-ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് തിരികെ ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം ഇ-ടെൻഡർ മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ നിന്നും ഫാറവിലയിനത്തിൽ 2,18,201/-രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ

പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.14/2018 ന് ലഭ്യമായ വിവരം) അക്കൗണ്ടിൽ ലഭ്യമായ ഫോറം വില/ടെൻഡർ ഫീസ് നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വൗച്ചർ സൂക്ഷിക്കുന്നതിൽ അപാകം

പഞ്ചായത്തിലെ ചെലവ് വൗച്ചറുകൾ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (അക്കൗണ്ട്സ്) ചട്ടം 10പ്രകാരം പരിപാലിക്കുന്നില്ല. വൗച്ചറിനോടൊപ്പം ചെലവിന് ആധികാരികത നൽകുന്ന അനുബന്ധ രേഖകൾ സൂക്ഷിക്കണമെന്ന നിർദ്ദേശം പൂർണമായും പാലിക്കുന്നില്ല.

ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്താൻ ക്യാഷ് വൗച്ചർ, ബാങ്ക് വൗച്ചർ, ജേർണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ പ്രത്യേകം നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയും, ബില്ലുകൾ/ഇൻവോയ്സുകൾ ക്യാൻസൽ ചെയ്തും സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

### 3-2 സംയുക്ത പ്രോജക്റ്റുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ- സർക്കാർ മാർഗ നിർദ്ദേശം പാലിക്കണം

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്റ്റുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017). അതിൻ പ്രകാരം കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിനു മുമ്പ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുവാൻ സ്ഥാപന മേധാവികളുടെ സംയുക്തയോഗം നടത്തേണ്ടതും, സംയുക്ത പ്രോജക്ടിൽ ഏർപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. അപ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് നേമം ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുള്ളത്.

i) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-17,75,500/-രൂപ തടസ്സപ്പെടുത്തുന്നു.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കുന്നതിലേക്കായി, 2017-18 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ ആകെ 17,75,500/- രൂപ നല്കിയിട്ടുണ്ട്.

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | |
|---|---|---|

| | | |
|---|---|---|
| S0038/18 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം നല്കൽ (സംയുക്ത പ്രോജക്റ്റ്)<br>ആകെ അടങ്കൽ: 1775500<br>ചെലവ് : 1775500 | നിർവഹണം : സെക്രട്ടറി<br>സ്റ്റാ.കമ്മിറ്റി : ക്ഷേമകാര്യം<br>വർക്കിംഗ് ഗ്രൂപ്പ് : സാമൂഹ്യക്ഷേമം |

മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | 2017-18 ൽ നല്കിയ ആകെ തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | മലയിൻകീഴ് | 4,24,000/- | 11/17-18<br>26.8.17 |
| 2 | മാറനല്ലൂർ | 1,98,750/- | 14/17-18<br>23.9.17 |
| 3 | പള്ളിച്ചൽ | 2,45,125/- | 18/17-18<br>26.9.17 |
| 4 | വിളവൂർക്കൽ | 1,85,500/- | 11/17-18<br>26.8.17 |
| 5 | വിളപ്പിൽ | 13,250/- | 11/17-18<br>26.8.17 |
| 6 | കല്ലിയൂർ | 4,50,500/- | 18/17-18<br>26.9.17 |
| 7 | ബാലരാമപുരം | 2,58,375/- | 11/17-18<br>26.8.17 |
| | ആകെ | 17,75,500/- | |

മേൽപ്പറഞ്ഞ പ്രകാരമുള്ള തുകകൾക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4/13.12.17നുള്ള മറുപടി). വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 17,75,500/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ, ഫണ്ട് വിനിയോഗിക്കാൻ അവശേഷിക്കുന്നുണ്ടോ എന്നുള്ള വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതി തുക ചെലവഴിക്കുന്നതോടൊപ്പം പദ്ധതി ലക്ഷ്യം കൈവരിക്കുന്നു എന്ന് ഉറപ്പാക്കേണ്ട ചുമതല മോണിട്ടറിംഗ് സമിതിയിൽ നിക്ഷിപ്തമാണ്

(G.O(ms).No.72/17/lsgd dtd.29.03.2017 ഖ.14.6). എന്നാൽ പ്രസ്തുത പ്രോജക്റ്റിന്റെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട "സാമൂഹ്യക്ഷേമം" വർക്കിംഗ് ഗ്രൂപ്പ് മേൽപ്പറഞ്ഞ പ്രകാരമുള്ള നിയമപരമായ ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല.

ii) ഗ്രാമപഞ്ചായത്തുകളിൽ ചെലവാക്കാനവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം സംബന്ധിച്ച തുകകൾ അവ്യക്തം

2017-18 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്തുകളുടെ തൻവർഷ-വാർഷിക ചെലവ് പത്രിക പരിശോധിച്ചതിൽ നിന്നും ബ്ലോക്ക് വിഹിതം ഇനത്തിൽ ഭീമമായ തുകകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു എന്ന് വ്യക്തമാകുന്നു. വിവിധ പ്രോജക്റ്റുകൾക്കായി ബ്ലോക്ക് വിഹിതമായി വകയിരുത്തിയിരിക്കുന്ന അടങ്കലിൽ തൻവർഷം 38,71,582/- രൂപക്ക് മുകളിൽ ചെലവാക്കാൻ അവശേഷിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പ്രോജക്റ്റ് | ബ്ലോക്ക് വിഹിതം | തൻവർഷ ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | ബാലരാമപുരം | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (proj210/18) | 2,38,575/- | 0 | 2,38,575/- |
| 2 | മാറനല്ലൂർ | ചെഞ്ചേരി തോടിന് കുറുകെ പാലം(proj 218/18) | 5,00,000/- | 0 | 5,00,000/- |
| 3 | പള്ളിച്ചൽ | പാലിന് സബ്സിഡി (ജനറൽ) (47/18)<br>പാലിന് സബ്സിഡി (ജനറൽ) (50/18) | 3,00,000/-<br>3,00,000/- | 1,76,105/-<br>2,29,604/- | 1,23,895/-<br>70,396/- |
| 4 | വിളവൂർക്കൽ | ജൈവ സമൃദ്ധി (proj 92/18) | 20,400/- | 15,640/- | 4,760/- |
| 5 | വിളപ്പിൽ | പാലിന് സബ്സിഡി (171/18) (വനിതഘടകപദ്ധതി) | 14,20,000/- | 9,95,004/- | 4,24,996/- |
| 6 | മലയിൻകീഴ് | 1)ബയോഗ്യാസ് പ്ലാന്റ് നല്കൽ (proj no.24/18) | 1,35,000/- | 0 | 1,35,000/- |
| | | 2) ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(185/18) | 30,000/- | 0 | 30,000/- |

| | | | | | |
|---|---|---|---|---|---|
| | | 3) പകൽവീട് നിർമാണം ( 227/18) | 17,00,000/- | 0 | 17,00,000/- |
| | | 4) മെറ്റീരിയിൽ റിക്കവറി ഫെസിലിറ്റി സെന്റർ ഷെഡ് നിർമാണം (320/18) | 6,00,000/- | 0 | 6,00,000/- |
| | | 5) പാലിന്സബ്സിഡി | 5,00,000/- | 4,56,040/- | 43,960/- |
| 7 | കല്ലിയൂർ | വിവരങ്ങൾ ലഭ്യമല്ല | - | - | - |
| ആകെ | | | | | 38,71,582/- |

ഖണ്ഡികയുടെ ആദ്യം പ്രസ്താവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കേണ്ടതും, സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതുമാണ്. നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണ്. കൂടാതെ പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറുകയോ, തൻവർഷം നിർവഹണംനടത്താൻ കഴിയാത്തപ്രോജക്ടുകളുടെ ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷ നല്കുകയോ ചെയ്തിട്ടില്ല. ഭാവിയിൽ സർക്കാർ മാർഗ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈവിഷയത്തിൽ മേൽനോട്ടച്ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

## **3-3** നിക്ഷേപ പ്രവൃത്തികൾ- **55,80,647/-** രൂപ തടസ്സത്തിൽ വയ്ക്കുന്നു

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെപ്പറയുന്ന നിക്ഷേപ പ്രവൃത്തികളിൽ കേരളാ വാട്ടർ അതോറിട്ടി (നെയ്യാറ്റിൻകര)യിൽ ഒടുക്കുവരുത്തിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ട്/നം | തുകകൈപ്പറ്റിയ സ്ഥാപനം | തുക | ബിൽനം/തീയതി |
|---|---|---|---|---|
| S0053/18 -പൈപ്പ് ലൈൻ എകസ്റ്റൻഷൻ(എസ്.സി) | | | | |
| 1 | Kandala to Kattuvila | KWA, | 470000 | 26/17-18 |

| | | | | |
|---|---|---|---|---|
| | | Neyyattinkara | | |
| 2 | മാവുവിള-കറ്റിങ്ങവിളാകം | ,, | 100000 | 21.10.2017 (Rs.1130000) |
| 3 | ചെങ്കോട്-മണലി വയൽഭാഗം-ചൂദക്കടംവിള-കരകാട്ടുവിള | ,, | 140000 | |
| 4 | അരുമാലൂർ ഓവിയോട്-നീലംകോണം | ,, | 420000 | |
| 5 | കാട്ടുകുളം എസ്.സി കോളനി | ,, | 460000 | 32/17-18 31.10.2017 (Rs.853000) |
| 6 | പുളിമൂട്ടുവിളാകംഎസ്.സി കോളനി | ,, | 160000 | |
| 7 | നെല്ലിക്കാട് ചിറയിൽ | ,, | 233000 | |
| 8 | എസ്.സി കുടിവെള്ള പ്രോജക്റ്റ് | ,, | 668878 | 53/17-18 12.3.2018 (Rs.668878) |
| 9 | എസ്.സി കുടിവെള്ള പ്രോജക്റ്റ് | ,, | 158881 | 51/17-18 12.2.2018 |
| | S0044/18 -പൈപ്പ് ലൈൻ എകസ്റ്റൻഷൻ(ജനറൽ) | | | |
| 10 | പൈപ്പ് ലൈൻ എകസ്റ്റൻഷൻ- വിവിധ പ്രോജക്റ്റുകൾ | KWA, Neyyattinkara | 200000 | 13/17-18 26.8.17 |
| 11 | പൈപ്പ് ലൈൻ എകസ്റ്റൻഷൻ- വിവിധ പ്രോജക്റ്റുകൾ | KWA, | 470888 | 27/17-18 21.10.17 |
| 12 | കൊച്ച്മണ്ണയം-ദേവീനഗർ | ,, | 221000 | 27/17-18 21.10.17 (431000) |
| 13 | മാറനല്ലൂർ-നാവക്കോട് | ,, | 221000 | |
| 14 | വിവിധ പ്രോജക്റ്റുകൾ | ,, | 1029000 | 39/17-18 22.1.18 |

| | | | | |
|---|---|---|---|---|
| 15 | വിവിധ പ്രോജക്റ്റുകൾ | ,, | 628000 | 47/17-18<br>17.2.18 |
| | | Total | 5580647 | |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയോ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾ എത്രയെണ്ണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ടെന്ന വിവരം ലഭ്യമല്ല. കൂടാതെ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ എഗ്രിമെന്റ് വച്ചിട്ടാണോ ഡെപ്പോസിറ്റ് തുകകൾ കൈമാറിയിട്ടുള്ളതെന്നും പരിശോധിക്കാൻ സാധിച്ചില്ല.

സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ/ dt 3.4.17, ഖണ്ഡിക 14- IXപ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തുടർപ്രവർത്തനങ്ങൾ ത.സ്വ.ഭ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതും, ഡെപ്പോസിറ്റ് വർക്കുകളുടെ നിർവഹണപുരോഗതി DPC വിലയിരുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് നല്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേല്പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം, തിരികെ ലഭിക്കാനുള്ള തുകകൾ ഈടാക്കിയതിന്റെ വിവരം എന്നിവ നിരീക്ഷിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതുണ്ട്.

## 3-4 ഭിന്നശേഷി കുട്ടികൾക്കുള്ള ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

പ്രോജക്ട് നം : 61/18

അടങ്കൽ തുക : 7,00,000/- (വികസന ഫണ്ട് ജനറൽ)

ചെലവ് തുക : 5,96,226/-

സ്റ്റാൻറ്റിംഗ് കമ്മിറ്റി: ആരോഗ്യം/വിദ്യാഭ്യാസം

വർക്കിംഗ് ഗ്രൂപ്പ് : ആരോഗ്യം

i) സി.ഡി.പി.ഒ. നിർവഹണ ഉദ്യോഗസ്ഥയായ ഭിന്നശേഷികുട്ടികൾക്കുള്ള ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലല്ല കുട്ടികളെ തെരെഞ്ഞെടുത്തിരിക്കുന്നത്. 3/4/2017-ലെ സ.ഉ.(എം.എസ്.)നം. 80/17/ത.സ്വ.ഭ.വ. മാർഗ്ഗരേഖയിൽ അനുബന്ധ വിഷയത്തെക്കുറിച്ച് ഖ 10.3-ൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ എറ്റെടുക്കുന്ന പ്രോജക്ടുകൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി (നം 5/10.12.18)ക്ക് മതിയായ സമയം ലഭിക്കാത്തതിനാൽ എല്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ ലിസ്റ്റ്

വാങ്ങാൻ സാധിച്ചില്ലായെന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിരിക്കുന്നത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

ii) പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, മറ്റു പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നല്കികൊണ്ടിരിക്കുന്നതിനാൽ, ഉപകരണങ്ങൾ ഉള്ളവർക്ക്തന്നെ അതേ ഉപകരണം നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ സ്വകരിക്കേണ്ടതാണ് എന്ന് സ ഉ (എം എസ് നം 80/17/ത സ്വ ഭ വ ഖ 10.3(2)-ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടില്ല. ചുവടെ പറയുന്ന കുട്ടികൾക്ക് പഞ്ചായത്ത് നൽകിയ ശ്രവണസഹായി നിലവിൽ ലഭ്യമായിട്ടുണ്ടെങ്കിലും വീണ്ടും നൽകിയിരിക്കുന്നു.

1. ബിന്റോ ബി. ആർ.

ബി. ബി. നിവാസ്,

അന്തിയൂർക്കോണം, കോല്ലോട് പി ഒ ( മലയിൻകീഴ് ഗ്രാമപഞ്ചായത്ത്.)

2. സാറാ എം സുജിത്ത്,

ഷാരോൺ ഭവൻ,

മാവിള, കണ്ടല പി ഒ. (മാറനല്ലൂർ ഗ്രാമപഞ്ചായത്ത്)

iii) ചുവടെപ്പറയുന്ന കുട്ടികളുടെ കുട്ടികളുടെ അപേക്ഷയിൽ ശ്രവണ സഹായിയുടെ ആവശ്യമില്ലായെന്ന് ഡോക്ടർ സർട്ടിഫൈ ചെയ്തിട്ടുണ്ട് എങ്കിലും ആനുകൂല്യം നല്കിയിരിക്കുന്നു.

1. രാജീവ്,

രാഹുൽഭവൻ, പാലപ്പൂര്

വെള്ളായണി പി ഒ. (കല്ലിയൂർ ഗ്രാമപഞ്ചായത്ത്)

2. സോഫിയ എസ്.

തോട്ടുത്തുവിളാകത്ത് വീട്,

അന്തിയൂർ, ബാലരാമപുരം (ബാലരാമപുരം പഞ്ചായത്ത്)

ഈ സാഹചര്യത്തിൽ അവർക്ക് ശ്രവണ സഹായി നൽകാനുണ്ടായ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(5/13.12.18) പ്രസ്തുത ഉപകരണം തിരികെ വാങ്ങി പഞ്ചായത്തുകളിൽ നിന്നും ഗുണഭോക്തൃലിസ്റ്റ് വാങ്ങി അർഹതപ്പെട്ട രണ്ടു പേരെ കണ്ടെത്തി ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശുപാർശയോടെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് മറുപടി നല്കിയിരിക്കുന്നു.

ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ പാളിച്ചകളാണ് ഇത്തരം അപാകതകൾക്ക് കാരണം എന്ന് വിലയിരുത്തുന്നു. പ്രോജക്ട് നിർവ്വഹണവേളയിലോ മോണിറ്ററിംഗ് വേളയിലോ വർക്കിംഗ് ഗ്രൂപ്പോ മേൽനോട്ട ചുമതലയുള്ള ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ മേൽവിഷയം ചർച്ചചെയ്തിട്ടില്ല(മിനിട്സ് പരിശോധന). ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ടരീതിയിൽ നിരീക്ഷിക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ

ഒഴിവാക്കേണ്ടതുമാണ്.

## 3-5 കേരളാ മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം - ചെലവ് തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല

2017-18 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർമാർ നിർവഹണ ഉദ്യോഗസ്ഥരായുള്ള മരുന്ന് വാങ്ങൽ പ്രോജക്റ്റുകളിൽ ചെലവ് തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥർക്ക് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നം. (6/13.12.18), (16/13.12.18)എന്നിവക്ക് മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | നിർവഹണ ഉദ്യോഗസ്ഥൻ | Bill No/date | റിമാർക്സ് |
|---|---|---|---|---|
| 1 | S0056/18<br>മലയിൻകീഴ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ<br>ഫണ്ടിനം: 10,00,000/- (മെയിന്റനൻസ് റോഡിതരം)<br>ചെലവ് : 10,00,000/- | മെഡിക്കൽ ഓഫീസർ, CHC മലയിൻകീഴ് | 2/18 dt 6.1.18<br>5/18 dt 16.2.18 | 10,00,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് ന് അക്കൌണ്ട് ട്രാൻസ്ഫർ വഴി നല്കി. 6,41,634/- രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമയിട്ടുള്ളൂ. 3,58,366/-രൂപയ്ക്കുള്ള മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു |
| 2 | S0055/18<br>വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ<br>ഫണ്ടിനം: 10,00,000/- (മെയിന്റനൻസ് റോഡിതരം)<br>ചെലവ് : 10,00,000/- | മെഡിക്കൽ ഓഫീസർ, CHC വിളപ്പിൽ | 3/17-18<br>dt.31.10.2018 | 10,00,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് ന് അക്കൗണ്ട് ട്രാൻസ്ഫർ വഴി നല്കി. 1,62,292/-രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |

മരുന്ന് ലഭ്യമാക്കി തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **3-6** പത്താംതരം തുല്യതാ പദ്ധതി**-97,750/-**രൂപ തടസ്സപ്പെടുത്തുന്നു

നേമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള പത്താം തരം തുല്യത, ഹയർസെക്കന്ററി തുല്യത എന്നീ പദ്ധതികൾ പ്രകാരം Course fee ഇനത്തിൽ ജനറൽ വിഭാഗത്തിൽ 28 പേർക്ക് 1,750/-രൂപ നിരക്കിൽ 49,000/-രൂപയും, എസ്.സി വിഭാഗത്തിൽപ്പെട്ട 25 പേർക്ക് 1,950/- നിരക്കിൽ 48,750/-രൂപയും ഉൾപ്പെടെ ആകെ 97,750/-രൂപ ജില്ലാ സാക്ഷരതാമിഷന് അക്കൗണ്ട്ട്രാൻസ്ഫർ വഴി കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Proj 24/18 – പത്താം തരം തുല്യതാപദ്ധതി<br>അടങ്കൽ: 49,000/- -വി.ഫ.(ജനറൽ)<br>ചെലവ് : 49,000/-രൂപ<br>ബിൽനം/തീയതി: 9/17-18, dt.29.8.17<br>(Course fee @1750 x 28) | നിർവഹണം : സെക്രട്ടറി<br>സ്റ്റാന്റിംഗ് കമ്മിറ്റി: ആരോഗ്യ വിദ്യാഭ്യാസ സ്റ്റാ. കമ്മിറ്റി<br>വർക്കിംഗ് ഗ്രൂപ്പ് : വിദ്യാഭ്യാസം, കല-സംസ്കാരം- യുവജനകാര്യം |
| 2 | Proj 49/18 – ഹയർസെക്കന്ററി തുല്യതാപദ്ധതി<br>അടങ്കൽ: 50,700/- -വികസന ഫണ്ട്<br>ചെലവ് : 48,750/-<br>ബിൽനം/തീയതി: 10/17-18, dt.29.8.17<br>(Course fee @1950 x 25) | നിർവഹണം : സെക്രട്ടറി<br>സ്റ്റാന്റിംഗ് കമ്മിറ്റി: ആരോഗ്യ വിദ്യാഭ്യാസ സ്റ്റാ. കമ്മിറ്റി<br>വർക്കിംഗ് ഗ്രൂപ്പ് : വിദ്യാഭ്യാസം, കല-സംസ്കാരം- യുവജനകാര്യം |

ജില്ലാ സാക്ഷരതാമിഷന്റെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുല്യതാ പദ്ധതി പ്രകാരം പരീക്ഷ എഴുതിയവരുടെയും, പാസ്സായവരുടെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/13.12.2018) മറുപടിയും നല്കിയിട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്റ്റുകൾക്കുള്ള ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃലിസ്റ്റ്, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-7** "ഗ്രൂപ്പുകൾക്ക് കറവപ്പശു" പദ്ധതിയിലെ അപാകതകൾ

കരാർ വ്യവസ്ഥ പാലിച്ചില്ല

പ്രോജക്റ്റ് നം. : 138/17-18 - ഗ്രൂപ്പുകൾക്ക് കറവപ്പശു

അടങ്കൽ : 20,94,239/- രൂപ വി.ഫ.(ജനറൽ)

ചെലവ് : 10,00,000/- രൂപ

ബിൽ നം. : 23/2017-18 തീയതി 22.03.2018 (1,25,000/- രൂപ)ജീവനീയം ഗ്രൂപ്പ്

നിർവഹണം : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി പ്രകാരം 5 പേരടങ്ങുന്ന 8 ഗ്രൂപ്പുകൾക്ക് കറവപ്പശുവിനെ വാങ്ങുന്നതിന് ഗ്രൂപ്പൊന്നിന് 1,25,000/-രൂപ വികസന ഫണ്ടിൽ നിന്ന് വകയിരുത്തിയിരുന്നു. സബ്സിഡി മാർഗരേഖയിലെ മാനദണ്ഡങ്ങളിൽ (സ.ഉ.(എം.എസ്)നമ്പർ 80/2017/ത.സ്വ.ഭ.വ, തീ.3.4.17), ഗുണഭോക്താക്കൾക്ക് കന്നുകാലികളെ വളർത്താൻ വേണ്ട സൗകര്യങ്ങളും സന്നദ്ധതയും ഉള്ളവരായിരിക്കണം എന്നും, ഉരുക്കളെ കുറഞ്ഞത് മൂന്ന് വർഷം വളർത്തുമെന്ന് കരാർ വയ്ക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കരാർ പ്രകാരം പശുക്കളെ ലഭിച്ച് മൂന്ന് വർഷം വരെയെങ്കിലും വളർത്തിക്കൊള്ളാമെന്നും, ഈ കാലയളവിൽ യാതൊരു കാരണവശാലും വില്ക്കാനോ, കൈമാറ്റം ചെയ്യാനോ, സ്ഥലം മാറ്റി പാർപ്പിക്കാനോ മറ്റേതെങ്കിലും വിധത്തിൽ അന്യാധീനപ്പെടുത്താനോ പാടുള്ളതല്ല എന്നും, അപ്രകാരം ചെയ്തതായി തെളിഞ്ഞാൽ പഞ്ചായത്ത് നല്കിയ ധനസഹായം പലിശ സഹിതം നേരിട്ടോ, റവന്യൂ റിക്കവറി മുഖേനയോ ഈടാക്കുന്നതാണെന്നും വ്യവസ്ഥയുണ്ട്. എന്നാൽ മേൽ പ്രോജക്റ്റിൽ പ്രസ്തുത വ്യവസ്ഥ പൂർണമായും പാലിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾചുവടെ ചേർക്കുന്നു.

പദ്ധതിയിൽ ഉൾപ്പെട്ട ജീവനീയം ഡയറി ആക്റ്റിവിറ്റി ഗ്രൂപ്പിലെ സെക്രട്ടറിയായ ശ്രീ.തരുൺ.എസ്.ആർ. (ശിശിരം, മൈലാടി, പുളിയറക്കോണം) വാങ്ങിയ പശു (തിരിച്ചറിയൽ ടാഗ് നം.420038089652)വിനെ ശ്രീ.ശശികുമാർ (കുളങ്ങരവിളാകം, പുളിയറക്കോണം) എന്ന വ്യക്തിയുടെ വീട്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് 15.12.2018ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

കൂടാതെ ജീവനീയം ഡയറി ആക്റ്റിവിറ്റി ഗ്രൂപ്പിലെ മറ്റൊരു അംഗമായ ശ്രീമതി.അംബി (ആശ ഭവൻ, പ്ലാക്കോട്ടുകോണം, ചൊവ്വള്ളൂർ) വാങ്ങിയ പശുവിനെ (തിരിച്ചറിയൽ ടാഗ് നം.420031920614) വിറ്റതായും സ്ഥലപരിശോധനയിൽ ബോദ്ധ്യമായിട്ടുണ്ട്.

അപ്രകാരം കരാറിലെ വ്യവസ്ഥ ലംഘിച്ചത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.24/15.12.18-ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 റോഡുകളുടെ sub base/base course നിർമ്മാണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല-44,672/-രൂപയുടെ നഷ്ടം

ധനകാര്യ വകുപ്പിന്റെ (സാങ്കേതിക വിഭാഗം)20/07/2016 ലെ 16/2016-ാം നമ്പർ സർക്കുലർ അനുസരിച്ച് റോഡുകളുടെ sub base/base course എന്നിവ നിർമ്മിക്കുന്നതിന് WBM(water bound mecadam) ന് പകരം കൂടുതൽ കാലം ഈട് നില്ക്കുന്ന WMM(wet mix mecadam) ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പുളിമൂട് ആർ.സി.ചർച്ച് റോഡ് എന്ന പ്രവൃത്തിയിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല. MORD സ്പെസിഫിക്കേഷൻ 4-9 പ്രകാരമുള്ള

WMM ഉപയോഗിക്കുന്നതിനു പകരം MORD സ്പെസിഫിക്കേഷൻ 4-7-2-A പ്രകാരമുള്ള WBM ഉപയോഗിച്ചതിനാൽ 44,672/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

പദ്ധതി നം -119/2018

അടങ്കൽ -5,00,000/-

ചെലവ് -3,13,906/-

നിർവഹണം - അസി.എക്സി.എഞ്ചിനീയർ

കരാറുകാരൻ -പ്രസന്ന കുമാർ(37.17% below)

ബിൽ നം -21/17-18 തീ. 31/10/17

എം ബുക്ക് നം -68/17

WBM ഉപയോഗിച്ച് പ്രവൃത്തി നൽകിയതിന് നൽകിയ തുക (എം.ബുക്ക് പേജ് നം.3)
96m$^3$ @ 4018.09/-=3,85,736/- (MORD-4-7-2-A)

WMM ഉപയോഗിച്ച് പ്രവൃത്തി നിർവഹിച്ചിരുന്നെങ്കിൽ നൽകാമായിരുന്ന തുക
96m$^3$ @ 3277.47/-=3,14,637/-(MORD-4-9)

വ്യത്യാസം=71,099/-(385736-314637)

ടെണ്ടർ കുറവ് = - 26,427/-

അധികച്ചെലവ്=44,672/- (71099-26427)

അധികം ചെലവഴിച്ചതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 സൈഡ് വാൾ നിർമ്മാണം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് 18/11/2016ൽ 87/2016 ാം നമ്പർ സർക്കുലർ പ്രകാരം സൈഡ്വാൾ നിർമ്മിക്കുന്നതിന് പ്രത്യേക നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതനുസരിച്ച് DR Masonary, RR Masonary എന്നിവ ഉപയോഗിച്ച് സൈഡ് വാൾ നിർമ്മിക്കുവാനും അത്യാവശ്യ ഘട്ടങ്ങളിൽ PCC belt concrete നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ച നാഗക്കോട് പുന്നക്കാട് വിള കുവിൽ വിള റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ DR Masonary, RR Masonary എന്നിവ ഉപയോഗിച്ച് സൈഡ് വാൾ നിർമ്മിക്കുവാൻ അനുമതി വാങ്ങിയിരുന്നെങ്കിലും പിന്നീട് പദ്ധതി റിവൈസ് ചെയ്ത് pcc m-10, pcc m-15 എന്നിവ ഉപയോഗിച്ച് സൈഡ് വാൾ നിർമ്മിച്ചതായി കാണുന്നു. പദ്ധതി റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിൽ ചേർത്തിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, റബ്ൾ മേസനറി ഒഴിവാക്കി കോൺക്രീറ്റ് ചെയ്തതിന്റെ ആവശ്യകത എന്നിവ ഫയലിൽ പരാമർശിച്ചിട്ടില്ല. ടി പദ്ധതി 07/02/2017-ലെ ഭരണസമിതി തീരുമാനം നം.4 പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. 07/10/2017ൽ ആരംഭിച്ച ടി പ്രവൃത്തി 21/02/2018-ൽ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ

നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 മരാമത്ത് പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം നിയമാനുസൃത പിഴ ഈടാക്കിയില്ല. നഷ്ടം 20,031/-രൂപ

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ പ്രവൃത്തികളിൽ നിന്നും ഗ്രാമപഞ്ചായത്ത് പിഴ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ ഈയിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് അടങ്കൽ | കരാറുകാരൻ | PAC | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1. | മുള്ളുവിള വേവിള ദേവിക്ഷേത്രം ബലിക്കടവ് റോഡ് മെറ്റലിംഗ്,ടാറിംഗ്-700000/- | ശങ്കരൻ നായർ.ജി. | 5,89,923/- | 07/09/17 | 21/09/17 | 5,899/- |
| 2. | പാറക്കുഴി തമ്പുരാൻ ക്ഷേത്രം റോഡ്.692248/- | ശങ്കരൻ നായർ.ജി. | 6,92,248/- | 04/01/18 | 03/02/18 | 6,922/- |
| 3. | പുളിമൂട് ആർ.സി. ചർച്ച് റോഡ് മെറ്റലിംഗ്-500000/- | പ്രസന്നകുമാർ | 3,13,906/- | 07/09/17 | 04/10/17 | 3,139/- |
| 4. | നാഗക്കോട് പുന്നക്കാട് വിള കുവിൽ റോഡ് പുനരുദ്ധാരണം- | പ്രസന്നകുമാർ | 4,07,131/- | 07/09/17 | 07/10/17 | 4,071/- |
| | ആകെ | | | | | 20,031/- |

മേൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികൾക്കും കാലാവധിക്ക് ശേഷമാണ് കരാർ ചമച്ചിരിക്കുന്നത്. എന്നാൽ നിയമാനുസൃത പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 20,031/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി വിവരം ഓഡിറ്റ് എൻക്വയറി നം.12/2018 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. തുക അതാത് കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-11 മിണ്ണംകോട് ചെറുകോട് വിട്ടിയം വാർഡ് എസ്.സി. കോളനി സൈഡ് ഓടയും ഫുട്പാത്തും നിർമ്മാണം-78,445/-രൂപ നഷ്ടം

പദ്ധതി നം. -82/2018

അടങ്കൽ -7,00,000/-

ചെലവ് -3,51,723/-

നിർവഹണം - അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ -പ്രദീപ്.എസ്.

ബിൽ നം. -55/17-18 തീ. 31/03/18

എം ബുക്ക് നം. - 655/17-18

ടി പ്രവൃത്തിയിൽ ഓടകളുടെ സൈഡ് വാൾ നിർമ്മാണത്തിനായി സിമന്റ് കോൺക്രീറ്റ് 1:2.5:5 ആണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ഇനം ഉപയോഗിച്ച് ഓടകളുടെ ഇരു ഭാഗവും സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട്. (എം. ബുക്ക് പേജ് നം 6 മുതൽ 10വരെ) എന്നാൽ സിമന്റ് കോൺക്രീറ്റ് 1:2.5:5 ഉപയോഗിച്ച് ഓടകളുടെ സൈഡ് വാൾ നിർമ്മിക്കുമ്പോൾ പ്ലാസ്റ്ററിംഗ് ഒഴിവാക്കുവാൻ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ എൽ.എസ്.ജി.ഡി. ഡിവിഷൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി സൈഡ് വാൾ കോൺക്രീറ്റ് ചെയ്ത ഏരിയായിൽ 253.05$m^2$ പ്രദേശം (എം. ബുക്ക് പേജ് നം. 11മുതൽ 13വരെ) 1:3, 12mm സ്പെസിഫിക്കേഷനിൽ പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്. (253.05$m^2$@310/-$m^2$=78445/-) അനുവദനീയമല്ലാത്ത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തതിനാൽ 78,445/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.18/2018 പ്രകാരം നിർവഹണ ഉദ്യോഗസ്ഥയോട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഓടയുടെ അടിഭാഗത്തെ wearing coat PCC 1:2:4 ഒഴിവാക്കി പ്ലാസ്റ്ററിംഗ് നൽകി എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ നിർദ്ദേശത്തിന് വിരുദ്ധമായി ഓടയുടെ സൈഡ് വാൾ പ്ലാസ്റ്ററിംഗ് നടത്തിയത് അധികച്ചെലവിന് കാരണമായിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യമാണ്.

## 3-12 കോട്ടുകാൽകോണം-പൂന്തോട്ടവിള-കണിയാംവിള കോളനി റോഡ് സൈഡ് വാൾ നിർമ്മാണം-PCC 1:3:6 ന് അധിക നിരക്ക് നല്കി-10,315/-രൂപ നഷ്ടം

പദ്ധതി നം. -103/2018

അടങ്കൽ -5,00,000/-

ചെലവ് -3,41,817/-

നിർവഹണം - അസി.എക്സി.എഞ്ചിനീയർ

കരാറുകാരൻ -സെൽവരാജ് (31.10% below)

ബിൽ നം. -31/17-18 തീ. 20/01/18

എം.ബുക്ക് നം - 298/17-18

ടി പ്രവൃത്തിയിൽ ഇനം നം.3 ആയി സൈഡ് വാളിന്റെ ഫൗണ്ടേഷൻ, സൂപ്പർ സ്ട്രക്ചർ എന്നിവ നിർമ്മിക്കുവാനായി PCC 1:3:6 (MoRD.11.4.1.1) ഉപയോഗിച്ചിട്ടുണ്ട്. മേൽ സ്പെസിഫിക്കേഷൻ ഉപയോഗിച്ച് കൊണ്ട് പ്രസ്തുത പ്രവൃത്തി 48.44$m^3$ നിർവഹിച്ചിട്ടുണ്ട് (എം. ബുക്ക് പേജ് നം 6&7). ഈ ഇനം പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് 7725.54/$m^3$ ആണ്. എന്നാൽ ഇതിന് വിരുദ്ധമായി $m^3$ ന് 8034.59/- നിരക്കിൽ തുക അനുവദിച്ചതിലൂടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

അംഗീകൃത നിരക്ക്.(Mord 11.4.1)

| item | Unit | Quantity | Rate Rs. | Cost Rs. |
|---|---|---|---|---|
| cement | tonne | 0.25 | 5792.24 | 1448.06 |
| Coarse sand at site | Cum | 0.48 | 1303.77 | 625.81 |
| 40 mm aggregate | Cum | 0.576 | 1362.79 | 784.97 |
| 20 mm aggregate | Cum | 0.288 | 1403.77 | 404.29 |
| 10 mm aggregate | Cum | 0.096 | 1403.77 | 134.76 |
| Labour | | | | |
| Mate | Day | 0.08 | 407.00 | 32.56 |
| Mason(Ist class) | Day | 0.1 | 487.00 | 48.70 |
| Mazdoor (unskilled) | Day | 1.63 | 368.00 | 599.84 |
| Bhisti | Day | 0.27 | 407.00 | 109.89 |
| Machinery | | | | |
| Concrete mixer 0.28/0.4 cum ........And form work @4% on cost of material | hour | 0.4 | 100.00 | 40.00 |
| Cost of 1.0 cum | | | | 4228.88 |

| | | | | |
|---|---|---|---|---|
| Add Overhead @ 10% | | | | 422.88 |
| Add CP | | | | 465.178 |
| Total | | | | 5116.93 |
| Cost Index @50.98% | | | | 2608.61 |
| Total for 1Cum | | | | 7725.54 |

അനുവദിച്ച നിരക്കും തുകയും= 48.44m$^3$@8034.59 = 3,89,195.54/-

അനുവദിക്കാവുന്ന നിരക്കും തുകയും=48.44m$^3$@7725.54=374225.12/-

വ്യത്യാസം=14,970/-

ടെണ്ടർ കുറവ് =31.1% =4,656/-

അധികം അനുവദിച്ച തുക =10,315/-

ടി അപാകത സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥയോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.18/2018 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. നഷ്ട തുകയായ 10,315/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 <u>പി.എം.എ.വൈ(ജി)ഭവന നിർമാണപദ്ധതി-അപാകതകൾ</u>

പി.എം.എ.വൈ(ജി)ഭവന പദ്ധതി കേന്ദ്ര വിഹിതവും, വിവിധ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതങ്ങളും ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് ഭവന നിർമാണത്തിന്റെ പുരോഗതി അനുസരിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ആർ.ടി.ജി.എസ് മുഖേന നല്കുന്നു. പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പ്രോജക്റ്റ് | അടങ്കൽ | ബിൽനം/തീയതി |
|---|---|---|---|
| 35/18 | പി.എം.എ.വൈ(ജി)-അധിക ധനസഹായം 16-17(general) | 27,20,000/-<br>വി.ഫ.ജനറൽ<br>(85x32000) | <u>5/18</u><br>15.7.17 |
| 77/18 | പി.എം.എ.വൈ(ജി)അധിക ധനസഹായം16-17(SC) | 38,16,000/-<br>വി.ഫ-SCP<br>(52x72000) | <u>4/18</u><br>15.7.17<br>(3744000) |

| | | | |
|---|---|---|---|
| 37/18 | പി.എം.എ.വൈ(ജി)അധിക ധനസഹായം17-18(general) | 11,20,000/-<br>വി.ഫ.ജനറൽ<br>35x32000 | 19/18<br>25.9.17 |
| 36/18 | പി.എം.എ.വൈ(ജി)അധിക ധനസഹായം17-18(SC) | 10,80,000/-<br>വി.ഫ-SCP<br>10x72000 | 20/18<br>25.9.17 |

i)വിവിധ ഫണ്ടുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

മേൽ പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഓരോ പ്രോജക്ടിനും ലഭ്യമായിട്ടുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, ഗ്രാമ-ജില്ലാപഞ്ചായത്ത് വിഹിതം, ചെലവ്, ബാക്കി എന്നിവ എത്രയാണ് എന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വ്യക്തമായ കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ പ്രോജക്ടിനായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ഇനം തിരിച്ചുള്ള തുകയുടെ വിശദാംശവും പരിശോധനക്ക് നല്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് 8/13.12.18 ന് മറുപടിയും നല്കിയിട്ടില്ല.

ii) ഗുണഭോക്താക്കളുടെ എണ്ണത്തിൽ അവ്യക്തത

പി.എം.എ.വൈ(ജി)ഭവന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾക്കായുള്ള(2016-17, 2017-18) "ആവാസ് സോഫറ്റ്" പ്രകാരം ലഭ്യമാക്കിയഗുണഭോക്താക്കളുടെ എണ്ണം, സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7പഞ്ചായത്തുകളിൽ നിന്നുള്ള ഗുണഭോക്താക്കളുടെഎണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഗുണഭോക്താക്കളുടെ എണ്ണം രജിസ്റ്റർ പ്രകാരം | "ആവാസ് സോഫറ്റ് "പ്രകാരം | |
|---|---|---|---|
| | | ആകെ | പണിപൂർത്തീകരണം കഴിഞ്ഞത് |
| 2016-17 (35/18, 77/18) | 138 (48gen+38minority+52sc) | 128 | 120 |
| 2017-18 (36/18, 37/18) | 48 (12gen+23minority+13sc) | 44 | 43 |

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും, വിവരങ്ങൾ വ്യക്തമായും കൃത്യമായും സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ മേൽനോട്ടച്ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിററി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## **3-14** <u>പദ്ധതി മോണിട്ടറിംഗ് അനിവാര്യം.</u>

2017-18 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ

ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതുമാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകൾ ഒന്നും അപ്രകാരമുള്ള മോണിറ്ററിംഗ് ചെയ്തിട്ടില്ല (മിനിറ്റ്സ്, ഫയൽ പരിശോധന). ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2758888 | 2758888 | 0 |
| 2 | കേരള വാട്ടർ അതോറിട്ടി | SC കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2810759 | 2810759 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | ബാക്കിയു ണ്ടായിരുന്ന തുക | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ (സാധാ) 1030/10/ ത.സ്വ. ഭ.വ തീയതി. 25.03.2010 | 31144300 | 12457721 | | 5280239 | 7177482 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക |
|---|---|---|---|
| 1. | | 1998-99 | ഖ 3.31 |
| 2. | 2003-04 | 2000-01 | ഖ.23 |
| 3. | 2003-04 | 2000-01 | ഖ.25(1) &27 |
| 3. | 2003-04 | 2000-01 | ഖ.30 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,99,33,293/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,55,30,444/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54,987/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 74,53,897/- |

*(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.8 | | 44,672/- | ശ്രീമതി. ഹസ്രാമോൾ, അസി.എക്സി.എഞ്ചിനീയർ |
| 3.12 | | 10,315/- | ശ്രീമതി. ഹസ്രാമോൾ, അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 54,987/- | |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2(i) | 17,75,500/- | ശ്രീ. കെ.അജികുമാർ, സെക്രട്ടറി |
| 3.3 | 55,80,647/- | ശ്രീ. കെ.അജികുമാർ, സെക്രട്ടറി |
| 3.6 | 97,750/- | ശ്രീ. കെ.അജികുമാർ, സെക്രട്ടറി |
| ആകെ | 74,53,897/- | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം*

*മേൽവിലാസങ്ങൾ*

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.അജികുമാർ, സെക്രട്ടറി | നേമം ബ്ളോക്ക് പഞ്ചായത്ത് | സാന്ദ്രം, വെങ്ങാനൂർ.പി.ഒ. |
| ശ്രീമതി. ഹസ്രാമോൾ, അസി.എക്സി.എഞ്ചിനീയർ | നേമം ബ്ളോക്ക് പഞ്ചായത്ത് | റ്റി.സി.11/817, മുല്ലാടത്തു മൻസിൽ നളന്ദ ജംഗ്ഷൻ, കവടിയാർ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./304/18 തീയതി 16.02.2018 | 1 | |
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./305/18 തീയതി 16.02.2018 | 2 | |
| 2006-07 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./306/18 തീയതി 16.02.2018 | 2 | |
| 2011-12 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./307/18 തീയതി 16.02.2018 | 4 | |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./308/18 തീയതി 16.02.2018 | 6 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./309/18 തീയതി 16.02.2018 | 4 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./310/18 തീയതി 16.02.2018 | 4 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/245/18 തീയതി 18.02.2018 | 4 | |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1881/18 തീയതി 23.11.2018 | 11 | |

ഒപ്പ്
ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2017-18 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ: 319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്